(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും പിൻവലിച്ച തുകയും എത്ര വീതമാണ് ;

(ഡി) 25 വർഷത്തിലധികം തോട്ടങ്ങളിൽ ജോലി ചെയ്തിട്ടുള്ളവരിൽ ഇപ്പോഴും സ്വന്തമായി വീട് ഇല്ലാത്തവർ എത്രയാണെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ ലേബർ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 64391 തോട്ടം തൊഴിലാളികളുണ്ട്.

(ബി) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധരിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള നടപടികൾക്ക് രൂപം കൊടുക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല.

(സി) ഭവനം ഫൗണ്ടേഷൻ കേരള പദ്ധതിക്ക് 2011-12 വർഷത്തിൽ ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13 5 കോടി രൂപ, 2013-14 20 കോടി രൂപ, 2014-15, 2015-16-ലും ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. അനുവദിച്ച് കിട്ടിയ 25 കോടി രൂപയും ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്. ടി തുക ഭവനം ഫൗണ്ടേഷൻ കേരള സൂക്ഷിച്ചിട്ടുണ്ട്.

(ഡി) 25 വർഷത്തിലധികമായി തോട്ടങ്ങളിൽ ജോലി ചെയ്തിട്ടുള്ള സ്വന്തമായി വീടില്ലാത്ത തൊഴിലാളികളുടെ കണക്ക് എടുത്തിട്ടില്ല.

പാരിപ്പള്ളി മെഡിക്കൽ കോളേജ്

315 (T* 1004) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരും ESI കോർപ്പറേഷനും തമ്മിൽ MOU-ൽ ഒപ്പ് വയ്ക്കുകയുണ്ടായോ; ഇതു സംബന്ധിച്ച വിശദമായ വിവരം നൽകുമോ; MOU-വിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനപ്രതിനിധികളുമായും തൊഴിലാളി സംഘടനകളുമായും കരാർ സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ ചർച്ച നടത്താതിരുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) തൊഴിലാളികളുടെ ചികിത്സാ സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും പൂർണ്ണമായി സംരക്ഷിക്കുന്നതിന് കരാറിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെട്ടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചും മറ്റ് ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിന് കരാറിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണത്തിനും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇതുവരെ ചെലവായ തുക എത്രയെന്നറിയിക്കുമോ; പ്രസ്തുത തുക സംസ്ഥാന സർക്കാർ ESI കോർപ്പറേഷന് നൽകണമോ; അതു സംബന്ധിച്ച വ്യവസ്ഥ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എഫ്) പൂർത്തീകരിക്കാത്ത നിർമ്മാണ പ്രവൃത്തികളും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുടർന്നുള്ള ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കേണ്ടത് അതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പാരിപ്പള്ളിയിലെ ഇ.എസ്.ഐ., മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 11-9-2015-ലെ സ.ഉ.(കൈ.) നമ്പർ 203/2015/ ആ.കു.വ. പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും 12-10-2015-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. തുടർന്ന് 1-12-2015-ലെ സ.ഉ. (കൈ.) നമ്പർ 272/15 ആ.കു.വ. പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. MOU-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇല്ല. ഇ.എസ്.ഐ. കോർപ്പറേഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചർച്ചകൾ നടത്തിയശേഷം കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിനായി സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്. തദവസരത്തിൽ കരാർ സംബന്ധിച്ച് ജനപ്രതിനിധികളുമായും തൊഴിലാളി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകളുമായും ചർച്ചകൾ നടത്തേണ്ടിയിരുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. അത്തരത്തിൽ ചർച്ചകൾ നടത്താതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. എന്നാൽ കരാറിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രസ്തുത മെഡിക്കൽ കോളേജിൽ സൗജന്യ ചികിത്സയും 35% എം.ബി.ബി.എസ്. സീറ്റുകൾ ഇത്തരം തൊഴിലാളികളുടെ കുട്ടികൾക്കായി മാറ്റി വയ്ക്കാനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്താനും മെഡിക്കൽ കോളേജിലെ 35% M.B.B.S. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷന കീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് മാറ്റിവയ്ക്കാനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഏറ്റെടുത്ത പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിലെ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ്/ മിനിസ്റ്റീരിയൽ/മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ സംസ്ഥാന സർവ്വീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരാൻ ധാരണയായിട്ടുണ്ട്. ഇത്തരം ജീവനക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ മുതലായവ) നഷ്ടപ്പെടാതെ തന്നെയായിരിക്കും ഇവരുടെ അന്യത്ര സേവന നിയമനം. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ തന്നെ തുടരാവുന്നതാണ്. അല്ലാത്തപക്ഷം അവർക്ക് ഉചിതമായ നിയമനം ഇ.എസ്.ഐ. കോർപ്പറേഷനിൽ നൽകുന്നതാണ്.

(ഇ&എഫ്) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഇ.എസ്.ഐ. കോർപ്പറേഷൻ വകയിരുത്തിയിട്ടുള്ള ആകെ തുക 540 കോടി രൂപയാണ്. 30-9-2014 വരെ ഇ.എസ്.ഐ. കോർപ്പറേഷൻ 321.51 കോടി രൂപ പാരിപ്പള്ളി മെഡിക്കൽ കോളേജിനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയും ഇ.എസ്.ഐ. കോർപ്പറേഷൻ തന്നെ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി മുതൽ മുടക്കുന്നതാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജ്, ആശുപത്രി എന്നിവയിൽനിന്നും ലഭിക്കുന്ന, വിദ്യാർത്ഥികളുടെ ഫീസ് ഉൾപ്പെടെ, വരുമാനത്തിന്റെ 50% ധാരണാപത്രത്തിന്റെ കാലാവധി വരെയും ഇ.എസ്.ഐ. കോർപ്പറേഷന് നൽകണമെന്നതാണ് മേൽതുകയുടെ തിരിച്ചടവ് സംബന്ധിച്ചുള്ള വ്യവസ്ഥ.